Pastoral Letter No/GR/53/2025

ഇടയ ലേഖനം

ഈശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞ വൈദികരെ സന്യസ്തരേ, ദൈവജനമേ,

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻറെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരും കൂടെ ഉണ്ടായിരിക്കട്ടെ!

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിനായി പ്രത്യാശയോടെ കാത്തിരിക്കുന്ന മംഗളവാർത്ത കാലത്തിലേക്ക് നാം ഇന്ന് പ്രവേശിക്കുകയാണ്. ഡിസംബർ ഒന്നു മുതൽ 25 വരെ നോമ്പ് എടുത്ത് ത്യാഗപൂർവ്വം നാം മിശിഹായുടെ ജനനത്തിനായി ഒരുങ്ങുമ്പോൾ ഈ ദിവസങ്ങൾ നമുക്ക് കൃപ നിറഞ്ഞ ദിവസങ്ങളായി മാറുന്നു. കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പ 2024 മെയ് 9 ആം തീയതി പുറത്തിറക്കിയ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (Spes Non Confundit) എന്ന തിരുവെഴുത്തിലൂടെ 2025 ആം വർഷത്തെ ക്രിസ്തു ജൂബിലി വർഷമായി പ്രഖ്യാപിച്ചു. പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്ത വാക്യത്തിന്റെ അടിസ്ഥാനത്തിൽ 'ക്രിസ്തുവിനെ ആഘോഷമാക്കുക', 'വിശ്വാസത്തെ ആഘോഷമാക്കുക', 'സഭയെ ആഘോഷമാക്കുക' എന്നീ മൂന്ന് ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ച് ജൂബിലി ആഘോഷങ്ങൾ നാം രൂപതയിൽ ആസൂത്രണം ചെയ്തു. അതിൻറെ ഫലമായി നാം തീർത്ഥാടനങ്ങൾ നടത്തി, തീർഥാടന കേന്ദ്രങ്ങൾ സന്ദർശിച്ച് ദണ്ഡവിമോചനം നേടി, തുടർച്ചയായി അനുരഞ്ജനകൂദാശ സ്വീകരിച്ചു, മിഷൻ സ്ഥലങ്ങൾ സന്ദർശിച്ചു, കാരുണ്യ പ്രവർത്തികളിൽ കൂടുതൽ ഏർപ്പെട്ടു. അങ്ങനെ ക്രിസ്തു ജൂബിലി വർഷം നാം സ്വന്തമാക്കിയ ദൈവാനുഗ്രഹത്തിന്റെ നിറവോടുകൂടിയാണ് ഈ ക്രിസ്മസിലേക്ക് നമ്മൾ കടക്കുക.

വലിയ ആഘോഷങ്ങളുടെ ദിവസങ്ങളായിട്ടല്ല ഈ കാത്തിരിപ്പിന്റെ ദിവസങ്ങളെ നാം കാണേണ്ടത്. മറിച്ച് ഇതൊരു തീർത്ഥാടനമാണ്. കാലിത്തൊഴുത്തിലെ ദാരിദ്ര്യത്തിൽ മനുഷ്യനായി അവതരിച്ച, ദൈവം തന്നെയായ ഈശോയെ ലക്ഷ്യമാക്കിയുള്ള ഒരു തീർത്ഥയാത്ര. ഇത് പ്രത്യാശയുടെ ഒരു തീർത്ഥയാത്രയാണ്. സഭ തീർത്ഥാടകയാണ്. സഭാംഗങ്ങളായ നാം എല്ലാവരും അനുദിനം തീർത്ഥാടകരായി യാത്ര ചെയ്യുന്നവരാണ്.പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യം ഈ മംഗളവാർത്ത കാലത്തിൻറെ ആത്മീയതയെയാണ് നമുക്ക് വ്യക്തമാക്കി തരുന്നത്. മിശിഹായുടെ വരവാണ് മനുഷ്യൻറെ പ്രത്യാശയുടെ ആത്യന്തികമായ ഉറവിടം. അത് ഈ ലോകത്തിൻറെ നിരാശകളെ ഇല്ലാതാക്കുന്നു. ഈ തിരിച്ചറിവോടുകൂടി ഒരു നവീകരണം നമ്മുടെ ജീവിതത്തിൽ ആവശ്യമാണെന്ന് മനസ്സിലാക്കി അലസതയിൽ നിന്നും പാപത്തിൽ നിന്നും നിരാശയിൽ നിന്നും വിട്ടുമാറി കർത്താവിൻറെ ജനനത്തിനായി നമുക്ക് ഒരുങ്ങാം. യഥാർത്ഥ തീർത്ഥാടനം എന്നത് സുവിശേഷത്തെ ലക്ഷ്യമാക്കിയുള്ള യാത്രയാണ്, സുവിശേഷ മൂല്യങ്ങളെ ലക്ഷ്യമാക്കിയുള്ള യാത്രയാണ്. അതിനാൽ പാപഭാരം ഉപേക്ഷിച്ച് പ്രത്യാശയോടെ മുമ്പോട്ട് നടക്കാൻ ഈ മംഗളവാർത്ത കാലത്ത് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു.

ഏശയ്യാ പ്രവാചകന്റെ പുസ്തകം ഒമ്പതാം അധ്യായം രണ്ടാം വാക്യത്തിൽ നാം ഇങ്ങനെ കാണുന്നു: "അന്ധകാരത്തില് കഴിഞ്ഞജനം മഹത്തായ ഒരു പ്രകാശം കണ്ടു; കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേല് പ്രകാശം ഉദിച്ചു". പിതാവായ ദൈവം നമ്മോട് കാണിച്ച കരുണാർദ്രമായ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന വിധത്തിൽ ഈ കാലം ആഴമായ അനുരഞ്ജനത്തിന്റെ സമയമായി മാറണം. നാം സ്വീകരിക്കുന്ന ഓരോ പാപമോചനവും ഈ തീർത്ഥാടനത്തിന്റെ ഓരോ ചുവടുവെപ്പാണ്.

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു". (റോമാ 5 : 5); "നമ്മുടെ മഹോന്നതനായ ദൈവത്തിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെയും മഹത്വം പ്രത്യക്ഷമാകുമ്പോള് കൈവരാന്പോകുന്ന അനുഗ്രഹപൂര്ണമായ പ്രത്യാശയെ നാം കാത്തിരിക്കുകയും ചെയ്യുന്നു". (തീത്തോസ് 2 : 13); "നമ്മുടെ കര്ത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു തന്റെ കാരുണ്യാതിരേകത്താല് യേശുക്രിസ്തുവിന്റെ, മരിച്ചവരില് നിന്നുള്ള ഉത്ഥാനംവഴി സജീവമായ പ്രത്യാശയിലേക്കും നിങ്ങള്ക്കായി സ്വര്ഗത്തില് കാത്തുസൂക്ഷിക്കപ്പെടുന്ന അക്ഷയവും കളങ്കരഹിതവും ഒളിമങ്ങാത്തതുമായ അവകാശത്തിലേക്കും നമ്മെവീണ്ടും ജനിപ്പിച്ചിരിക്കുന്നു". (1 പത്രോസ് 1: 3-4). ഈ ദൈവവചനങ്ങൾ പ്രത്യാശയോടെ യാത്ര ചെയ്യുന്ന തീർത്ഥാടകർക്ക് ലഭിക്കുന്ന ഫലങ്ങളെ എടുത്തു കാണിക്കുന്നു.

"വിശ്വാസം ഒരു ഊന്നു വടിയാണ്. നിങ്ങൾ ഭയപ്പെടുമ്പോൾ അതിനെ മുറുകെപ്പിടിക്കുക, നിങ്ങൾ ദുരിതത്തിൽ ആകുമ്പോൾ അതിൽ ചാഞ്ഞു നിൽക്കുക, നിങ്ങൾ സന്തോഷിക്കുമ്പോൾ അതുമായി നൃത്തം ചെയ്യുക": വിശുദ്ധ മദർ തെരേസയുടെ വാക്കുകളാണ് ഇവ. മിശിഹായുടെ ജനനം നമുക്ക് വലിയ സന്തോഷം പ്രദാനം ചെയ്യുന്നു. കാരണം അവിടുന്നാണ് നമുക്ക് നിത്യജീവൻ നൽകുന്നത്. "ഒരിക്കലും നിരാശയ്ക്ക് നമ്മെ വിട്ടുകൊടുക്കരുത്. കാരണം നാം ഉയർപ്പിന്റെ ജനമാണ്. പ്രത്യാശയാണ് നമ്മുടെ കൊടി". വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളാണ് ഇവ. അതുകൊണ്ട് കാലിത്തൊഴുത്തിൽ ആരംഭിക്കുന്ന നമ്മുടെ തീർത്ഥാടനം കുരിശിലൂടെ വിജയത്തിലേക്കും ഉയർത്തെഴുന്നേൽപ്പിലേക്കും നമ്മെ നയിക്കുന്നു.

സീറോമലബാർ സഭയുടെ പാരമ്പര്യമനുസരിച്ച് ഡിസംബർ ഒന്നു മുതൽ 25 വരെ നാം നോമ്പ് ആചരിക്കാറുണ്ട്. ഇത് ഒരു കടമയായിട്ടല്ല നാം ചെയ്യേണ്ടത്, മറിച്ച് വരാനിരിക്കുന്ന രക്ഷകനെ സ്വീകരിക്കുവാൻ ത്യാഗപൂർവ്വം നമ്മുടെ ഹൃദയം ശുദ്ധീകരിക്കുന്നതിനുള്ള അവസരമായി നാം കാണണം. നോമ്പ് എന്നു പറയുന്നത് ഭക്ഷണത്തെ നിയന്ത്രിക്കുന്നത് മാത്രമല്ല, നമ്മുടെ ശരീരത്തെയും മനസ്സിനെയും പൂർണമായി ചിട്ടപ്പെടുത്തുന്നതാണ് എന്ന് സഭാ പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ട്.

1. ശരീരപരമായ നോമ്പ്: മത്സ്യം, മാംസം തുടങ്ങി നമുക്കിഷ്ടപ്പെട്ട ഭക്ഷണങ്ങൾ നിയന്ത്രിക്കുന്നതോടൊപ്പം ശരീരത്തിന് സന്തോഷം പകരുന്ന വസ്തുക്കൾ, വിഭവങ്ങൾ എന്നിവയിൽ നിന്നും മാറിനിന്നുകൊണ്ട് ഈ നോമ്പ് നമുക്ക് അനുഷ്ഠിക്കാം. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും കൂടുതൽ സമയം ചെലവഴിക്കുവാൻ ഈ ദിവസങ്ങളിൽ നമുക്ക് പരിശീലിക്കാം.

2. നാവിൻറെ നോമ്പ്: ഏറ്റവും പ്രധാനപ്പെട്ട ഒരു നോമ്പാണ് നാവിനെ നിയന്ത്രിക്കുക എന്നത്. അർത്ഥരഹിതമായ സംസാരങ്ങൾ, പരദൂഷണം, മറ്റുള്ളവരെ വേദനിപ്പിക്കുന്ന വാക്കുകൾ, കുറ്റം പറച്ചിൽ എന്നിവയിൽ നിന്ന് നമുക്ക് ഒഴിഞ്ഞു നിൽക്കാം. അതിനു പകരമായി നമ്മുടെ വാക്കുകൾ കൃപ നിറഞ്ഞതും പ്രോത്സാഹിപ്പിക്കുന്നതും അനുഗ്രഹത്തിന്റേതുമായി മാറട്ടെ. അതുകൊണ്ടാണ് വിശുദ്ധ ബേസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നത്: "യഥാർത്ഥ നോമ്പ് എന്നു പറയുന്നത് ശരീരത്തെ ബുദ്ധിമുട്ടിക്കുന്നത് മാത്രമല്ല മറിച്ച് ഹൃദയത്തെ വിശുദ്ധീകരിക്കുകയും നാവിനെ നേരെയാക്കുകയും ചെയ്യുന്നതാണ്".

3. മനസ്സിൻറെ നോമ്പ്: ഡിജിറ്റൽ ലോകത്തിൽ നിന്നും തുടർച്ചയായി സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിൽ നിന്നും മാറിനിൽക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ചെയ്യുന്നതു വഴി നമുക്ക് ലഭിക്കുന്ന സമയം പ്രാർത്ഥന, വചനവായന, ഈശോയുടെ മനുഷ്യാവതാരത്തെക്കുറിച്ച് ധ്യാനിക്കൽ എന്നിവയ്ക്കായി നമുക്ക് ചെലവഴിക്കാം. "നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്ന് അറിയാത്തതുകൊണ്ട് നിങ്ങള് ജാഗരൂകരായിരിക്കുവിന്". (മത്തായി 24 : 42).

ഈ വർഷത്തെ ക്രിസ്മസ് ആഘോഷം ക്രിസ്തു ജൂബിലിയുടെ വെളിച്ചത്തിൽ നമുക്ക് ആചരിക്കാം. നല്ല ഒരു കുമ്പസാരം വഴി നമ്മുടെ ഹൃദയത്തെ വിശുദ്ധീകരിക്കാം. തകർന്നുപോയ ബന്ധങ്ങളെ സുദൃഢമാക്കാം. ഈശോമിശിഹായിൽ അചഞ്ചലമായ വിശ്വാസമുള്ളവരായി നമുക്കു മാറാം. ദരിദ്രരും രോഗികളും നിരാലംബരും ആയവർക്ക് മിശിഹായുടെ സ്നേഹം നൽകുന്നവരായി നമുക്കു മാറാം. നീതിക്കും കരുണക്കും എപ്പോഴും സാക്ഷികളായിത്തീരാം. മിശിഹായുടെ ജനന സമയത്ത് നമ്മുടെ മനസ്സിനെ സ്പർശിക്കുന്ന വാക്കുകളിൽ ഒന്ന് "സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല" (ലൂക്കാ 2, 7) എന്നതാണ്. ക്രിസ്മസിന്റെ ദുഃഖം ഈശോ ദരിദ്രനായി ജനിച്ചു എന്നതിലല്ല മറിച്ച് അവിടുത്തേക്ക് സ്ഥലം നൽകുവാൻ മനുഷ്യകുലം പരാജയപ്പെട്ടു എന്നതാണ്. ക്രിസ്തു നമുക്കുവേണ്ടി തന്നെതന്നെ ശൂന്യനാക്കി എങ്കിൽ നമ്മൾ മറ്റുള്ളവർക്ക് വേണ്ടി നമ്മെ ശൂന്യരാക്കണം. സത്രത്തിൽ ഇടം ലഭിക്കാത്തവർ ഇന്നും നമുക്ക് ചുറ്റുമുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾ, ഉപേക്ഷിക്കപ്പെട്ട വൃദ്ധർ, വിദ്യാഭ്യാസം ലഭിക്കാത്ത കുഞ്ഞുങ്ങൾ, അപ്രതീക്ഷിതമായ ദുരന്തങ്ങൾ നേരിട്ട കുടുംബങ്ങൾ, അഭയാർത്ഥികൾ ഇങ്ങനെ നീണ്ട ഒരുനിര തന്നെ നമ്മുടെ ചുറ്റിലും ഉണ്ട്. മംഗളവാർത്തകാലത്തിലെ നമ്മുടെ ഒരുക്കങ്ങൾ ഇപ്രകാരമുള്ളവരെ കേന്ദ്രീകരിച്ചായിരിക്കണം. ഒറ്റയ്ക്കായിരിക്കുന്ന അയൽക്കാരനെയോ ബന്ധുവിനെയോ സന്ദർശിക്കുക, നിങ്ങളെ വേദനിപ്പിച്ചവർക്ക് മാപ്പ് നൽകുക, നമ്മുടെ ഭക്ഷണക്രമത്തിൽനിന്ന് മിച്ചംവച്ച പണം ആവശ്യക്കാർക്ക് ദാനം ചെയ്യുക. വിശുദ്ധ മദർ തെരേസ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "മറ്റുള്ളവരിലൂടെ ദൈവം നിങ്ങളെ സ്നേഹിക്കാൻ അനുവദിക്കുന്ന ഓരോ തവണയും ക്രിസ്മസ് ആഘോഷമാണ്". നമ്മുടെ ഹൃദയമാകുന്ന സത്രത്തിലും ഈശോയ്ക്ക് ഇടം ഒരുക്കാം. മനസ്സിൽ കുന്നുകൂടിയ മാലിന്യങ്ങളെ കുമ്പസാരത്തിലൂടെ ശുദ്ധീകരിക്കാം. നിർമ്മലമായ ഹൃദയത്തോടെ ഈശോയുടെ ജനനത്തിനായി കാത്തിരിക്കാം. വചനം മാംസമായ ഈശോയെ നമ്മുടെ ജീവിതത്തിൻറെ ശക്തിയായി സ്വീകരിച്ചു പ്രത്യാശയോടെ നമുക്ക് യാത്ര ചെയ്യാം.

ഡിസംബർ അഞ്ചു മുതൽ ഏഴ് വരെ കല്ലുവിള സീനായി ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിട്ടുള്ള രൂപതാ ബൈബിൾ കൺവെൻഷനിൽ എല്ലാവരും ഒരു കുടുംബമായി പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ദൈവവചനത്താൽ നമ്മെതന്നെ നിറയ്ക്കുമ്പോൾ നമ്മുടെ വാക്കുകളിലൂടെ, പ്രവർത്തികളിലൂടെ, ജീവിതത്തിലൂടെ വചനം മാംസമാകുന്ന വലിയ അത്ഭുതം നാം കാണും. ക്രിസ്തുമസ് ഒരു ആത്മീയ അനുഭവമാക്കുവാൻ ഈ മൂന്ന് ദിവസത്തെ ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കാൻ ഒരിക്കൽ കൂടി സ്നേഹപൂർവ്വം നിങ്ങളെ എല്ലാവരെയും ഞാൻ ക്ഷണിക്കുന്നു. സമാധാനം നിറഞ്ഞ ക്രിസ്തുമസ്സിന്റെയും അനുഗ്രഹപ്രദമായ പുതുവർഷത്തിന്റെയും ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

Bishops House
27– 11 - 2025

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോർജ് രാജേന്ദ്രൻ
തക്കല രൂപതയുടെ മെത്രാൻ

NB: ഈ ഇടയ ലേഖനം 2025 നവംബർ 30 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ, പ്രസംഗത്തിന് പകരം വായിക്കണം.